# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5693** **09/07/2012 ൽ മറുപടിക്ക്**

## സ്കൂളുകളിലെ ഉച്ചഭക്ഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഷാഫി പറമ്പിൽ :<br>,, പാലോട് രവി :<br>,, ഐ. സി. ബാലകൃഷ്ണൻ :<br>,, ബെന്നി ബെഹനാൻ : | ശ്രീ.പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്തെ സ്കൂളുകളിൽ ഉച്ചഭക്ഷണത്തിന് തുക നൽകുന്ന രീതി പരിഷ്ക്കരിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടോ; | എ) ഉച്ചഭക്ഷണത്തിന് തുക നൽകുന്ന രീതി 16.6.2012 ലെ സർക്കാർ ഉത്തരവ് (സാധാ) നം. 2814/12/പൊ.വി പ്രകാരം പരിഷ്ക്കരിച്ചിട്ടുണ്ട്. |
| ബി) ഏത് രീതിയിലുള്ള പരിഷ്ക്കരണമാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ; | ബി) ഈ അദ്ധ്യായന വർഷം മുതൽ അരി കൂടാതെ താഴെപറയുന്ന രീതിയിൽ നിശ്ചിത തുക കുട്ടി ഒന്നിന് ഹെഡ്മാസ്റ്റർമാർക്ക് അനുവദിച്ചിട്ടുണ്ട്.<br>1) 100 കുട്ടികൾ വരെയുള്ള സ്കൂളുകളിൽ പ്രതിദിനം കുട്ടി ഒന്നിന് 4/- രൂപയും പാചകകൂലി ഇനത്തിൽ 150/- രൂപയും<br>2) 101 മുതൽ 500 വരെ കുട്ടികൾ ഉള്ള സ്കൂളുകളിൽ കുട്ടി ഒന്നിന് പ്രതിദിനം 5 രൂപ നിരക്കിലും<br>3) 500 ന് മുകളിൽ കുട്ടികൾ ഉള്ള സ്കൂളുകളിൽ 500 കുട്ടികൾ വരെ 5/- രൂപ നിരക്കിലും അതിൽ കൂടുതൽ വരുന്ന കുട്ടികൾക്ക് കുട്ടി ഒന്നിന് 4/- രൂപ നിരക്കിലും തുക അനുവദിക്കുന്നുണ്ട്. ഈ തുക പ്രഥമാദ്ധ്യാപകരുടെ അക്കൗണ്ടിലേക്ക് E- transfer ചെയ്യുന്നതാണ്. |
| സി) ഉച്ച ഭക്ഷണത്തിനുള്ള ഫണ്ട് സ്കൂൾ അധികൃതർക്ക് നൽകി പി.റ്റി.എ.യുടെ സഹായത്തോടെ ഉച്ചഭക്ഷണം നൽകുന്നകാര്യം പരിഗണിക്കുമോ? | സി) 16.6.2012 ലെ സർക്കാർ ഉത്തരവ് (സാധാ) നം. 2814/12/പൊ.വി അനുസരിച്ച് ഉച്ചഭക്ഷണത്തിനുള്ള തുക സ്കൂൾ പ്രഥമാദ്ധ്യാപകർക്ക് നേരിട്ടാണ് നൽകുന്നത്. പി.റ്റി.എ. യുടെയും മറ്റു സന്നദ്ധ സംഘടനകളുടെയും സഹകരണത്തോടെ ഉച്ചഭക്ഷണ പദ്ധതി മെച്ചപ്പെട്ട നിലയിൽ നടത്താവുന്നതാണ്. ഈ പദ്ധതി നടത്തിപ്പിനുവേണ്ടിയുള്ള മാർഗ്ഗരേഖ പൊതുവിദ്യാഭ്യാസ ഡയറക്ടർ 25.6.12 ൽ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ